കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാവിലുംപാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

## 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി6 /20/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതിഃ 23-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കാവിലുംപാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി6 /20/2017 തീയതി: 23-01-2017

**കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2015 മുതൽ 15.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടികളൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.കെ സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.12.2016മുതൽ 26.12.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ.എം.ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സുഗുണൻ.വി . | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | | ശ്രീ.ഷിനിത്ത്.എ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ.പി. സുരേന്ദ്രൻ | 01.04.2015മുതൽ 26.07.2015വരെ |
| | | | ശ്രീമതി.അന്നമ്മ ജോർജ് | 27.10.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | : | | ശ്രീ.ഉദയഭാനു എം.പി | 01.04.2015മുതൽ 26.07.2015വരെ |
| | | | ശ്രീ.സുമേഷ് | 27.07.2015മുതൽ 11.01.2016വരെ |
| | | | ശ്രീ.ഉദയഭാനു.എം.പി<br>(അധിക ചുമതല) | 12.01.2016 മുതൽ 20.01.2016 വരെ |
| | | | ശ്രീ.ടി അബ്ദുന്നാസർ | 21.01.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | | ശ്രീമതി സരള പി.വി | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | | | ഫിലോമിന എം ജെ | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ അനി ഐസക് | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | | | ഡോ മോഹൻദാസ് | 01.04.2015മുതൽ 13.08.2015വരെ |

| | | | | |
|---|---|---|---|---|
| | | | ഡോ.വിനോദ് | 14.08.2015മുതൽ 30.09.2015വരെ |
| | | | ഡോ കെ ജെ വർഗീസ് | 01.10.2015മുതൽ31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | | | ഡോ.ഡെയ്സി ഗോർ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | | ഡോ.റീത്ത പി | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | | | പ്രദീഷ് പി.കെ | 01.04.2015മുതൽ 31.03.2016വരെ |
| എച്ച്.എം. കുണ്ടുതോട്.യു.പി എസ് | | | ശ്രീമതി ലീല | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-2 |
| 13 | ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ | 2-3 |
| 14 | രശീതി ബുക്കുകളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല | 2-4 |
| 15 | രശീതികളിൽ നടപടി ഫയലുകളുടെ വിവരങ്ങൾ ലഭ്യമല്ല | 2-5 |
| 16 | ഡി ആന്റ് ഒ ലൈസൻസ് നല്കുന്നതിലെ അപാകതകൾ | 2-6 |
| 17 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-7 |
| 18 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-8 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച പ്രവൃത്തികൾ-അപാകതകൾ | 3-1 |
| 20 | റോഡ് ടാറിംഗിന് അധിക നിരക്ക് നൽകി | 3-2 |

| | | |
|---|---|---|
| 21 | സർക്കാർ ഉത്തരവിനു വിരുദ്ധമായി മേള നടത്തി. | 3-3 |
| 22 | പച്ചക്കറി കൃഷി - മാർഗ്ഗരേഖകൾ വിരുദ്ദമായി അധിക സബ്സിഡി നൽകി. | 3-4 |
| 23 | കുനിയൻകണ്ടി കുടിവെള്ളപദ്ധതി പൂർത്തിയാക്കുന്നതിൽ അലംഭാവം | 3-5 |
| 24 | മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു | 3-6 |
| 25 | കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല | 3-7 |
| 26 | ട്രിപ്പ് ഷീറ്റ് ഇല്ലാതെ വാഹന വാടക നൽകി. | 3-8 |
| 27 | പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല. | 3-9 |
| 28 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ | 3-10 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-11 |
| 30 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു | 3-12 |
| 31 | സർക്കാർ ഉത്തരവ് പാലിക്കാതെ മണ്ണിര കമ്പോസ്റ്റിന് സബ്സിഡി നൽകി | 3-13 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.07.2016ാം തീയതിയിലെ 4/2016ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | ….. | ….. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 26.07.2016 | അനുബന്ധം 1 ആയി വെച്ചിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32128612.00 |
| വരവ് | 35376581.00 |
| ആകെ | 67505193.00 |
| ചെലവ് | 53076198.00 |
| നീക്കിയിരിപ്പ് | 14428995.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5807225 | 100000 | 16254107 | 16254107 | 0 | 60.17 | (+)10346882 |
| വികസനഫണ്ട്എസ്.സി.പി. | 41080 | 332500 | 373580 | 345000 | 0 | 55.82 | (-)28580 |
| വികസനഫണ്ട്ടി.എസ്.പി. | 485005 | 385450 | 870455 | 415450 | 0 | 51.49 | ( -)455005 |
| സംരക്ഷണഗ്രാന്റ് റോഡ് | 1811343 | 5683120 | 7494463 | 7494463 | 0 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2087079 | 2448950 | 4536029 | 4536029 | 4536029 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5711402 | 6978914 | 12690316 | 5748945 | 0 | 51.95 | ( -)6941371 |
| പെർഫോമൻസ് ഗ്രാന്റ് | 5186496 | 2895172 | 8081669 | 5159743 | 26753 | 99.49 | (-)2921926 |
| എം.എൻ.ആർ.ഇ.ജി.എസ്. | 5107 | 25703700 | 25708807 | 25704188 | 4619 | 99.99 | |
| ബി ഫണ്ട് | 0 | 23026310 | 23026310 | 23026310 | 0 | 100 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2739905 | 0 | 2739905 | 2090525 | 649380 | 76.3 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 98166073 | 102 | 39038243 | 14 | 37 | 67% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17.2 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3539542 | 3754018 | 214476 | 6.06 |
| നികുതിയേതര വരവുകൾ | 1889912 | 741678 | 1148234 | _39.25 |
| മറ്റുവരവുകൾ | – | -- | | |
| ആകെ | 5429454 | 4495696 | 933758 | -17.2 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 330720 | 199 |
| കർഷകതൊഴിലാളി പെൻഷൻ | 2978920 | 665 |
| വിധവാപെൻഷൻ | 8598440 | 894 |
| വാർദ്ധക്യകാലപെൻഷൻ | 6101220 | 247 |
| വികലാംഗപെൻഷൻ | 2641330 | 745 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 165860 | 17 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4138/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.08.2016-06.08.2016 | മെയ് 2016 | 06.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2009-05.01.2010 | 2004-05 മുതൽ 2008-2009 | 18.02.2010 |

## ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2015-16 വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്നതുവരെയുള്ള മുഴുവൻ ആസ്തികളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി, വാറ്റ്,ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷികകണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3) 2015-16 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം വസ്തു നികുതിയിനത്തിലെ കുടിശ്ശിക 9,35,971/-രൂപയും വാർഷികകണക്കുകൾ പ്രകാരം കുടിശ്ശിക 1039865/- രൂപയുമാണ്.( കുടിശ്ശിക തൻവർഷം- 6,34,014/- കുടിശ്ശിക മുൻവർഷം -4,05,851/-)

4) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

ശ്രീ.വളപ്പിൽ ദിനേശൻ,ഉഷ എന്നിവർക്ക് വാണിജ്യാവശ്യത്തിനു കെട്ടിടം നിർമ്മിക്കുന്നതിനു 06. 07.2015നു അനുവദിച്ച 03/2016ാം നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ A3/6420/15ാം നമ്പർ

ഫയൽ പ്രകാരം മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ താഴെ പറയുന്നു :

1) 2011 ലെ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് നിശ്ചയിച്ച നികുതി നിരക്ക് 100 ച.മീ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് @ 50 രൂപയാണ്. എന്നാൽ 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച . മീ) | നിർണ്ണയിച്ച നികുതി @ 30 രൂപ + 20% വർദ്ധനവ് | 100 ച.മീ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് @ 50 രൂപ നിരക്കിൽ ചുമത്തേണ്ടിയിരുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | XI 1B | 12.98 | 468.00 | 779.00 | 311.00 |
| 2 | XI 1C | 12.98 | 468.00 | 779.00 | 311.00 |
| 3 | XI 1D | 12.98 | 468.00 | 779.00 | 311.00 |
| 4 | XI 1E | 12.98 | 468.00 | 779.00 | 311.00 |
| 5 | XI 1F | 12.98 | 468.00 | 779.00 | 311.00 |
| 6 | XI 1G | 129.44 | 4660.00 | 7766.00 | 3106.00 |
| 7 | XI 1H | 11.72 | 422.00 | 703.00 | 281.00 |

| | | | | | |
|---|---|---|---|---|---|
| 8 | XI 1I | 11.76 | 424.00 | 706.00 | 282.00 |
| 9 | XI 1J | 12.98 | 468.00 | 779.00 | 311.00 |
| | | | | മൊത്തം | 5534.00 |

നികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കേണ്ടതാണ്.

2) കെട്ടിട ഉടമയുടെ പേരും മേൽവിലാസവും ഓരോസ്ഥലത്തും വ്യത്യസ്തമായും തെറ്റായിട്ടുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3) പൂർത്തിയായ കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല.

## 2-3 ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ഏഴ് ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ, കെ.ഡി.സി ബാങ്ക് തൊട്ടിൽപാലം ശാഖയിൽ സ്പോർട്സ് കൗൺസിൽ, പ്രസിഡന്റ്, സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവരുടെ പേരിലുള്ള 100141201000095 നമ്പർ ജോയിന്റ് അക്കൗണ്ട് വർഷങ്ങളായി ഇടപാടുകൾ നടത്താത്തതാണെന്ന് കാണുന്നു. 2016 സെപ്തംബർ 23 ന 2,36,457/- രൂപ മേൽപ്പറഞ്ഞ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. സെക്രട്ടറിയുടെ പേരിൽ കനറാ ബാങ്ക് തൊട്ടിൽപാലം ശാഖയിൽ 25.08.2014 ന ആരംഭിച്ച 1384101031627ാം നമ്പർ അക്കൗണ്ടിൽ തുകയൊന്നും നീക്കിയിരിപ്പുള്ളതായി കാണുന്നില്ല. മാത്രമല്ല 2015-16 ലെ വാർഷിക ധനകാര്യ പത്രികയിലും ഈ അക്കൗണ്ട് ഉൾപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 2-4 രശീതി ബുക്കുകളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല

രശീതി ബുക്കുകളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ 07.12.2016ന 17രശീതിബുക്കുകളാണ് സ്റ്റോക്കിൽ ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫിസിക്കൽ വെരിഫിക്കേഷനിൽ 23രശീതിബുക്കുകളാണ് കണ്ടത്. രശീതി ബുക്കുകളുടെ സ്റ്റോക്കിലെ പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

## 2-5 രശീതികളിൽ നടപടി ഫയലുകളുടെ വിവരങ്ങൾ ലഭ്യമല്ല

രശീതികളിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല. പുതുതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ, നികുതി പുനർ നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി ഈടാക്കുമ്പോൾ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഫയൽ നമ്പറുകൾകൂടി രശീതികളിൽ ചേർക്കുന്നത് തുടർ നടപടികൾക്ക് സഹായകരമായിരിക്കും. കൂടാതെ കുടിശ്ശിക ഈടാക്കുമ്പോൾ, പിഴ ഒഴിവാക്കിയതിനുള്ള കാരണവും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ രശീതികളിൽ മേൽപ്രകാരമുള്ള വിവരങ്ങൾകൂടി ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഡി ആന്റ് ഒ ലൈസൻസ് നല്കുന്നതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ ചട്ടം 7പ്രകാരം ഈടാക്കുന്ന ലൈസൻസ് ഫീ പിരിവിലെ അപാകതകൾ:

1) അപൂർണ്ണമായ രജിസ്റ്റർ :

2015-16 ലെ ഡി ആൻറ് ഒ ലൈസൻസ് ഫീ പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേരും വിലാസവും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ പേരോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാൽ തൊഴിൽനികുതി രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല.

2) വാർഡ് തല ട്രേഡേർസ് ലിസ്റ്റില്ല

2015-16 ൽ 400 സ്ഥാപനങ്ങളാണ് കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ലൈസൻസ് എടുത്തിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല . വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയില്ല .

3 )ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

ഡി ആൻറ് ഒ ലൈസൻസിനുള്ള അപേക്ഷകളിൽ അപേക്ഷകർ, വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.എന്നിട്ടും മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

ഉദാ :

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | ബി എൻ പ്രേംകുമാർ | വീനസ് പെട്രോളിയം |
| 2 | എൻ പി പദ്മനാഭൻ | കുറ്റ്യാടി ജെല്ലി മെയ്ക്കിംഗ് ഇൻഡസ്ട്രീസ് |

## 2-7 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2015-16 ലെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.

2)റിട്ടേൺ വാങ്ങാതെയുള്ള തൊഴിൽ നികുതി പിരിവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ

സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്. എന്നാൽ 2015-16 ലെ ഡി ആൻറ് ഒ ലൈസൻസികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനു മേൽചട്ടപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. ചട്ടം 16 (2) പ്രകാരം തൊഴിലുടമ/ഓഫീസ് തലവൻ ഫോറം II ലാണ് റിട്ടേൺ സമർപ്പിക്കേണ്ടത്. ഇതേചട്ടങ്ങളിലെ ചട്ടം 16 (4) പ്രകാരം തൊഴിലുടമ ഫോറം IIൽ റിട്ടേൺ നല്കിയാൽ മാത്രമേ സെക്രട്ടറി തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതുള്ളൂ. എന്നാൽ സ്ഥാപനങ്ങളൊന്നും ഫോറം II ൽ റിട്ടേൺ നല്കിയിട്ടില്ല ആയതിനാൽ ചട്ടപ്രകാരം നോട്ടീസ് നല്കി റിട്ടേൺ ലഭ്യമാക്കേണ്ടതും ആയതു പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

3)സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | കെ.ഡി.സി ബാങ്ക് തൊട്ടിൽപാലം |
| 2 | കാവിലുംപാറ സർവീസ് സഹകരണ ബേങ്ക് |

4) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, ഉപവകുപ്പ് (1) ( എ )(i) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ,ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയം മേൽ തൊഴിൽ നികുതിചുമത്തേണ്ടതാണ്, എന്നാൽ പഞ്ചായത്തിനുവേണ്ടി പ്രവൃത്തി നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | തോമസ് പുള്ളാട്ട് |
| 2 | സോണി വി ജോസ് |
| 3 | സിബി കെ ചെറിയാൻ |
| 4 | അബ്ദുൾ സലാം |
| 5 | കെ എൻ രഘുദാസൻ |
| 6 | ബിജു പാറശ്ശേരി |
| 7 | സുരേഷ് കുരാറ |
| 8 | സണ്ണി എം എം |
| 9 | രവീന്ദ്രൻ കോട്ടോത്തുമ്മൽ |

| | |
|---|---|
| 10 | മൊയ്തുഹാജി എം കെ |
| 11 | വി കണാരൻ |

അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 2-8 പരസ്യ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങളിൽ നിന്ന് പരസ്യ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് കരട് ബൈലോ തയ്യാറാക്കി പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരത്തോടെ പരസ്യ നികുതി പിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച പ്രവൃത്തികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രൊജക്ടുകളിൽ ഒരേ വ്യക്തികളിൽ തന്നെ ഒന്നിലധികം പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയവരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | കരാറുകാരന്റെ പേര് , വിലാസം | 2015-16വർഷം ഫോറം 1E-ൽ വാറ്റ് കോമ്പൗണ്ട് ചെയ്തതിന്റെ വിവരം |
|---|---|---|
| 1 | തോമസ് പുല്ലാട്ട്, പി.ഒ – ചാത്തംതോട്ടം, കാവിലുംപാറ. | TIN നമ്പർ - 32111501231, സിവിൽ വർക്ക്, കോമ്പൗണ്ടിംഗ് നിരക്ക് - 4% |
| 2 | മൊയ്തു ഹാജി, മണിയിലംകണ്ടി, തളിയിൽ - പി.ഒ, കുറ്റ്യാടി. | TIN നമ്പർ - 3242502115, സിവിൽ /ഇലക്ട്രിക്കൽ വർക്ക് കോമ്പൗണ്ടിംഗ് നിരക്ക് - 4%, |
| 3 | രഘുദാസൻ കെ.എൻ, കൽത്തോപ്പിൽ - ഹൗസ്, | TIN നമ്പർ - 32500371115 സിവിൽ /ഇലക്ട്രിക്കൽ വർക്ക് |

| | | |
|---|---|---|
| | പി.ഒ – കരിങ്ങാട്,<br>കാവിലുംപാറ. | കോമ്പൗണ്ടിംഗ് നിരക്ക് - 4% |

ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ കൺവീനർമാരായി മേൽ പരാമർശിച്ചവർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്,<br>പ്രൊജക്റ്റ് നം,<br>എം.ബുക്ക്,<br>എസ്റ്റിമേറ്റ്,<br>കൺവീനർ | ചെലവഴിച്ചതുക | അവസാന ബിൽ തുക |
|---|---|---|---|
| 1 | ആനക്കുളം വെള്ളക്കുണ്ട് റോഡ് ,<br>135/15-16,<br>86/14-15,<br>950000,<br>തോമസ് പുല്ലാട്ട് | 838409 | 619201(ബിൽനം.<br>4/15-16തീ.29/7/15) |
| 2 | കോളിത്തെറ്റ് കുടിവെള്ളപദ്ധതി,<br>126/15-16,<br>80/15,<br>500000,<br>രഘുദാസൻ കെ.എൻ. | 497700 | 450150<br>(ബിൽനം.26/15-16<br>തീ.31/10/15) |
| 3 | ചൊത്തക്കൊല്ലി മാവിലപ്പാടി -<br>വാളക്കയം റോഡ്,<br>143/15-16,<br>60/14-15,<br>320000,<br>തോമസ് പുല്ലാട്ട് | 315177 | 315177(ബിൽ<br>നം.16/15-16തീ.11/9/15) |

| | | | |
|---|---|---|---|
| 4 | ആശ്വാസി അമ്മ്യാർചാൽ കല്ലനിര റോഡ്,<br>140/15-16,<br>97/14-15,<br>700000,<br>രഘുദാസൻ കെ.എൻ. | 550768 | 550768 (ബിൽനം. 10/15-16തീ.29/7/15) |
| 5 | കുണ്ട്തോട് യു.പി.സ്കൂൾ റോഡ് റീടാറിംഗ്,<br>141/15-16,<br>98/14-15,<br>560000,<br>മൊയ്തു ഹാജി | 560000 | 365348<br>(ബിൽ നം.17/15-16 തീ.11/9/15) |
| 6 | സംഗമംനഗർ കുടിവെള്ളപദ്ധതി,<br>81/15-16,<br>134/14-15,<br>500000,<br>രഘുദാസൻ കെ.എൻ. | 415121 | 415121<br>(ബിൽ നം.44/15-16 തീ.30/3/16) |
| ആകെ ചെലവഴിച്ച തുക = 3177175 | | | |

ഒന്നിലധികം പ്രവൃത്തികൾ ഒരേ കൺവീനർ തന്നെ ഏറ്റെടുത്ത് നിർവ്വഹിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. 3177175 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-2 റോഡ് ടാറിംഗിന് അധിക നിരക്ക് നൽകി

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്.ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവാണെന്ന് കാണുന്നു.അളവ് പുസ്തകം പരിശോധിച്ചതിൽ VG30 ബിറ്റുമിൻ ആണ് പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ ടാറിന്റെ വിലയിൽ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതായും കാണുന്നു.മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. (തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 13/02/14 ലെ സി.ബി.3/6512/2013/സി.ഇ.നമ്പർ സർക്കുലർ കാണുക)ടാറിന് കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതിനാൽ ടാറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. നൽകേണ്ട നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | യൂണിറ്റ് | അളവ് | നിരക്ക് | നൽകേണ്ടതുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| VG-30ബിറ്റുമിൻ ഉപയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000 | 3075 |
| ബിറ്റുമിൻ കടത്തുകൂലി | ടൺ | .075 | 106.49 | 7.99 |
| സ്റ്റീം സ്റ്റോൾ(steam coal) | ക്വിന്റൽ | .15 | 400 | 60 |
| സ്റ്റീം കോൾ കടത്തുകൂലി | ടൺ | .015 | 121.70 | 1.83 |
| വയർബ്രഷ് | 1 | .050 | 20 | 1 |
| സോഫ്റ്റ് ബ്രഷ് | 1 | .120 | 18 | 2.16 |
| ചാക്കുകൾ | LS | 7.8 | 1.78 | 13.88 |
| കോൾട്ടാർ<br>സപ്രെയർ വാടക | പ്രതിദിനം | .030 | 300 | 9 |
| പലവക | എൽ.എസ്. | 9.1 | 1.78 | 16.2 |
| മേറ്റ് | തൊഴിൽ<br>ദിനം | .060 | 363 | 21.78 |
| ബെൽഡാർ -<br>ബിറ്റുമെൻ ചൂടാക്കുന്നതിന് | -ടി- | 1.46 | 329 | 480.34 |
| ബെൽഡാർ - ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 |
| ബെൽഡാർ | -ടി- | .470 | 329 | 154.63 |
| ആകെ | | | | 3906.32 |
| (+)1%വാട്ടർ ചാർജ് | | | | 39.06 |
| (+)10% ലാഭവിഹിതം & 5% ഓവർഹെഡ്ചാർജ് | | | | 585.95 |
| 100 ചതുരശ്ര മീറ്റർ ചെയ്യുന്നതിന് | | | | 4531.33 |
| 1ചതു.മീറ്റർ ചെയ്യുന്നതിന് | | | | 45.31 |
| ടാറിന്റെ വില ഒഴികെയുള്ള തുകയ്ക്ക് കോസ്റ്റ്ഇൻഡക്സ്<br>( 45.31-30.75)*1.381<br>(+) ടാറിന്റെ മാർക്കറ്റ് വില | | | | 20.11<br>30.75 |
| കരാറുകാർക്ക് നൽകാവുന്ന നിരക്ക് | | | | 50.86 |

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകേണ്ട നിരക്ക് താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000 | 5904 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | .144 | 106.49 | 15.33 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/13.2mm | ഘന.മീ | 1.8 | 1250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .9 | 1250 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.70 | 106.49 | 287.52 |
| സ്റ്റീംകോൾ<br>(steamcoal) | ക്വിന്റൽ | .288 | 400 | 115.20 |
| സ്റ്റീംകോൾ-കടത്ത്കൂലി | ടൺ | .029 | 121.70 | 3.53 |
| വയർബ്രഷ് | 1 | .110 | 20 | 2.2 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ് ബ്രഷ് | 1 | .320 | 18 | 5.76 |
| ചാക്കുകൾ, ചൂലുകൾ | LS | 6.76 | 1.78 | 12.03 |
| കോൾട്ടാർ ബോയ്ലർ വാടക | പ്രതി ദിനം | .130 | 830 | 107.90 |
| പലവക | LS | 9.49 | 1.78 | 16.89 |
| മേറ്റ് | തൊഴിൽദിനം | .08 | 363 | 29.04 |
| ബിറ്റുമിൻ ചൂടാക്കുന്നതിന് കൂലി | തൊഴിൽദിനം | 1.4 | 329 | 460.60 |
| ബെൽഡാർ | തൊഴിൽദിനം | .570 | 329 | 187.53 |
| ബെൽഡാർ | തൊഴിൽദിനം | 1.4 | 329 | 460.60 |
| ബെൽഡാർ | തൊഴിൽദിനം | 5 | 329 | 1645 |
| മിസ്ത്രി | തൊഴിൽദിനം | .190 | 435 | 82.65 |
| ചൗക്കിദാർ | തൊഴിൽദിനം | .270 | 329 | 88.83 |
| ഭിഷ്ടി | തൊഴിൽദിനം | .110 | 363 | 39.93 |
| ഡീസൽ റോഡ്റോളർ വാടക | പ്രതി ദിനം | .110 | 1500 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 |
| കടത്തുകൂലി | LS | 2.73 | 1.78 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതി ദിനം | .040 | 4000 | 160 |
| ആകെ | | | | 13280.38 |
| (+)1%വാട്ടർ ചാർജ് | | | | 132.80 |
| (+)10% ലാഭവിഹിതം & 5% ഓവർഹെഡ്ചാർജ് | | | | 1992.06 |
| 100 ചതുരശ്ര മീറ്റർ ചെയ്യുന്നതിന് | | | | 15405.24 |
| 1ചതു.മീറ്റർ ചെയ്യുന്നതിന് | | | | 154.05 |
| ടാറിന്റെ വില ഒഴികെയുള്ള തുകയ്ക്ക് കോസ്റ്റ്ഇൻഡക്സ് ( 154.05-59.04)*1.381 (+) ടാറിന്റെ വില | | | | 131.21 59.04 |
| കരാറുകാർക്ക് നൽകാവുന്ന നിരക്ക് | | | | 190.25 |

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| | | | | |
|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000 | 4018 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | .098 | 106.49 | 10.44 |
| സ്റ്റോൺ അഗ്രിഗേറ്റ് .06mm | ഘനമീ. | .90 | 1140 | 1026 |

| | | | | |
|---|---|---|---|---|
| -ടി- കടത്ത്കൂലി | ഘനമീ. | .90 | 106.49 | 95.84 |
| സ്റ്റീംകോൾ<br>(steamcoal) | ക്വിന്റൽ | 1.96 | 400 | 784 |
| സ്റ്റീംകോൾ-കടത്ത്കൂലി | ടൺ | .196 | 121.7 | 23.85 |
| വയർബ്രഷ് | 1 | .050 | 20 | 1 |
| സോഫ്റ്റ് ബ്രഷ് | 1 | .120 | 18 | 2.16 |
| കോൾട്ടാർ ബോയ്‌ലർ<br>വാടക | പ്രതി<br>ദിനം | .060 | 830 | 49.80 |
| പലവക | LS | 18.20 | 1.78 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 |
| ബിറ്റുമിൻ ചൂടാക്കുന്നതിന് കൂലി | തൊഴിൽദിനം | 1.4 | 329 | 460.60 |
| ബെൽഡാർ | തൊഴിൽദിനം | .69 | 329 | 227.01 |
| ബെൽഡാർ | തൊഴിൽദിനം | 1.4 | 329 | 460.60 |
| ബെൽഡാർ | തൊഴിൽദിനം | .510 | 329 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 |
| മിസ്ത്രി | തൊഴിൽദിനം | .040 | 435 | 17.40 |
| കോൾട്ടാർ<br>സപ്രെയർ വാടക | പ്രതി<br>ദിനം | .060 | 300 | 18 |
| ചൗക്കിദാർ | തൊഴിൽദിനം | .150 | 329 | 49.35 |
| ഭിഷ്ടി | തൊഴിൽദിനം | .060 | 363 | 21.78 |
| ഡീസൽ<br>റോഡ്റോളർ<br>വാടക | പ്രതി<br>ദിനം | .060 | 1500 | 90 |
| ഡീസൽ<br>ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 |
| ചാക്കുകൾ, ചൂലുകൾ | LS | 2.73 | 1.78 | 4.86 |
| ബിറ്റുമെൻ സ്പ്രെയർ<br>വാടക | പ്രതി<br>ദിനം | .060 | 363 | 21.78 |
| ആകെ | | | | 7700.67 |
| (+)1% വാട്ടർചാർജ് | | | | 77.00 |
| (+)10% ലാഭവിഹിതം & 5% ഓവർഹെഡ്ചാർജ് | | | | 1155.10 |
| 100 ചതുരശ്ര മീറ്റർ ചെയ്യുന്നതിന് | | | | 8932.77 |
| 1ചതുതശ്ര മീറ്റർ ചെയ്യുന്നതിന് | | | | 89.33 |
| ടാറിന്റെ വില ഒഴികെയുള്ള തുകയ്ക്ക് കോസ്റ്റ്ഇൻഡക്സ്<br>( 89.33-40.18)*1.381<br>(+) ടാറിന്റെ വില | | | | 67.88<br>40.18 |

| കരാറുകാർക്ക് നൽകാവുന്ന നിരക്ക് | 108.06 |
|---|---|

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം., എസ്റ്റിമേറ്റ്, കരാറുകാരൻ, പ്രവൃത്തി മൂല്യം | എം.ബുക്ക്, എഗ്രിമെന്റ് തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, അവസാന ബിൽ തുക | ടാക്ക് കോട്ടിംഗ് പ്രവൃത്തിക്ക് നൽകിയത് | ടാക്ക് കോട്ടിംഗ് പ്രവൃത്തിക്ക് നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|
| | | | ചിപ്പിംഗ് കാർപ്പെറ്റ് പ്രവൃത്തിക്ക് നൽകിയത് | ചിപ്പിംഗ് കാർപ്പെറ്റ് പ്രവൃത്തിക്ക് നൽകാവുന്നത് | |
| | | | സീൽകോട്ട് പ്രവൃത്തിക്ക് നൽകിയത് | സീൽകോട്ട് പ്രവൃത്തിക്ക് നൽകാവുന്നത് | |
| 1 | പൊയിലോം ചാൽ സബ്സെന്റർ പുത്തൻ പീടിക റോഡ് ടാറിംഗ്, 60/15-16, 375000, സോണി വി.ജോസ്, 360224 | 118/14-15, 21/11/15, 6/8/15, 360043(ബിൽ നം.37/15-16തീ.25 /2/16) | 33986.78 (542.40ച.മീ.*62.66/ച.മീ.) | 27586.46 (542.40ച.മീ.*50.86/ച.മീ.) | 27142 |
| | | | 115542.05 (542.40;.ച.മീ.*213.02/ച.മീ.) | 103191.60 (542.40ച.മീ.*190.25/ച.മീ.) | |
| | | | 67002.67 (542.40ച.മീ*123.53/ച.മീ.) | 58611.74 (542.40ച.മീ*108.06/ച.മീ.) | |
| 2 | ആയുർവേദ ആശുപത്രി റോഡ് ടാറിംഗ്, 40/15-16, 375000, തോമസ് പുള്ളാട്ട്, 369630 | 151/14-15, 3/10/15, 6/8/15, 369630(ബിൽ നം.35/15-16തീ.30 /3/16) | 37843.51 (603.95ച.മീ.*62.66/ച.മീ.) | 30716.90 (603.95ച.മീ.*50.86/ച.മീ.) | 30222 |
| | | | 128653.43 (603.95ച.മീ.*213.02/ച.മീ.) | 114901.49 (603.95ച.മീ.*190.25/ച.മീ.) | |
| | | | 74605.94 (603.95ച.മീ*123.53/ച.മീ.) | 65262.84 (603.95ച.മീ*108.06/ച.മീ.) | |
| 3 | കരിങ്ങാട് സ്കൂൾ റോഡ് ടാറിംഗ്, 54/15-16, 500000, കെ.എൻ. രഘുദാസൻ, | 136/14-15, 3/10/15, 6/8/15, 498532(ബിൽ നം.39/15-16 | 33836.40 (540ച.മീ*62.66/ച.മീ.) | 27464.40 (540ച.മീ*50.86/ച.മീ.) | 31610 |
| | | | 140593.20 (660ച.മീ*213.02/ച.മീ.) | 125565 (660ച.മീ. *190.25/ച.മീ.) | |

| | | | | | |
|---|---|---|---|---|---|
| | 498532 | തീ.30/3/16) | 81529.80 (660ച.മീ*123.53/ച.മീ.) | 71319.60 (660ച.മീ*108.06/ച.മീ.) | |
| 4 | കാവിലുംപാറ യു.പി.സ്കൂൾ ബാലവാടി റോഡ് ടാറിംഗ്, 51/15-16, 500000, സണ്ണി എം.എം., 498950 | 123/14-15, 3/10/15, 6/8/15, 498950 (ബിൽ നം.50/15-16തീ.31 /3/16) | 33742.41 (538.5ച.മീ*62.66/ച.മീ.) | 27388.11 (538.5ച.മീ*50.86/ച.മീ.) | 26947 |
| | | | 114711.27 (538.5ച.മീ*213.02/ച.മീ.) | 102449.63 (538.5ച.മീ. *190.25/ച.മീ.) | |
| | | | 66520.91 (538.5ച.മീ*123.53/ച.മീ.) | 58190.31 (538.5ച.മീ*108.06/ച.മീ.) | |
| 5 | നാഗംപാറ കടത്തലത്ത്കുന്ന് റോഡ് ടാറിംഗ്, 52/15-16, 550000, തോമസ് പുല്ലാട്ട്, 549450 | 126/14-15, 3/10/15, 6/8/15, 549450(ബിൽ നം. 33/15-16തീ.30 /3/16) | 52004.67 (829.95ച.മീ*62.66/ച.മീ.) | 42211.26 (829.95ച.മീ*50.86/ച.മീ.) | 41531 |
| | | | 176795.95 (829.95ച.മീ*213.02/ച.മീ.) | 157897.99 (829.95ച.മീ. *190.25/ച.മീ.) | |
| | | | 102523.72 (829.95ച.മീ*123.53/ച.മീ.) | 89684.40 (829.95ച.മീ*108.06/ച.മീ.) | |
| 6 | വാളക്കയം റോഡ് ടാറിംഗ്, 49/15-16, 850000, രഘുദാസൻ കെ.എൻ, 850000 | 127/14-15, 3/10/15, 6/8/15, 850000(ബിൽ നം. 32/15-16തീ.30 /3/16) | 59119.71 (943.50ച.മീ*62.66/ച.മീ.) | 47986.41 (943.50ച.മീ*50.86/ച.മീ.) | 47213 |
| | | | 200984.37 (943.50ച.മീ*213.02/ച.മീ.) | 179500.88 (943.50ച.മീ. *190.25/ച.മീ.) | |
| | | | 116550.55 (943.50ച.മീ*123.53/ച.മീ.) | 101954.61 (943.50ച.മീ*108.06/ച.മീ.) | |
| ആകെ അധികം നൽകിയത് = 204665 | | | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 2,04,665 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ/അംഗീകാരം നൽകിയ ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സർക്കാർ ഉത്തരവിനു വിരുദ്ധമായി മേള നടത്തി.

പ്രോജക്ട് നമ്പർ - 3/16 ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി
ബിൽ നമ്പർ – 11/15-16 31.3.16 49,450 രൂപ
നിർവഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികളിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ്, എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകൽ, കോളനികളുടെ വാർഷിക സംഗമം സംഘടിപ്പിക്കുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. തുക ചെലവഴിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വാഹന വാടക (മെഡിക്കൽ ക്യാമ്പ് ദിവസം) | 13,240 |
| 2 | മരുന്ന്, മറ്റ് സാധനങ്ങൾ | 754 |
| 3 | ഹെൽത്ത് കാർഡ് - പ്രിന്റിംഗ് | 4,000 |
| 4 | നോട്ടീസ്, പോസ്റ്റർ. | 4,000 |
| 5 | ലൈറ്റ് , സൗണ്ട് | 15,000 |
| 6 | ഭക്ഷണം. | 12,456 |
| | ആകെ | 49,450 |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ആദിവാസി കോളനിയിൽ ഗോത്രമേള നടത്തിയതിന് ആകെ 31,456 രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഖ. 7-7 പ്രകാരം ബോധവൽക്കരണ ക്യാമ്പയിനുകൾ മേളകൾ മുതലായവ നടത്തുന്നതിന് അനുമതിയില്ല. അനുമതിയില്ലാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനു മുമ്പ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് വാങ്ങിയിട്ടില്ല.

2. പ്രോജക്ടിൽ ഗോത്രമേള നടത്തുന്നതിന് 14,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 31,456 രൂപ ഉത്തരവാദിയിൽ നിന്നും ഊടാക്കേണ്ടതാണ്.

## 3-4 പച്ചക്കറി കൃഷി - മാർഗ്ഗരേഖക്കു വിരുദ്ധമായി അധിക സബ്സിഡി നൽകി.

പ്രോജക്ട് നമ്പർ - 98/16 മഴ മറക്കുള്ളിലെ പച്ചക്കറി കൃഷി
ബിൽ നമ്പർ – 1/15-16 19.1.16 1,84,012

അടങ്കൽ – 7,24,990 വികസനഫണ്ട്. 3,74,990
ഗുണഭോക്തൃ വിഹിതം – 3,50,000 (നേരിട്ട് ചെലവഴിക്കുന്നത്)

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 35 ഗുണഭോക്താക്കൾക്ക് 100 വീതം ഗ്രോബാഗിന് 900 രൂപയും കൂലിച്ചെലവായി ഓരോ ഗുണഭോക്താവിനും 4,000 രൂപ വീതവും ആകെ 4,900 രൂപ വീതം സബ്സ്ഡി നൽകി. ഗ്രോബോഗ് ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയായിരുന്നു. കൂടാതെ 12,512 രൂപ ചെലവഴിച്ച് അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട്ടുനട എന്ന സ്ഥാപനത്തിൽ നിന്നും പച്ചക്കരി വിത്തും വാങ്ങി വിതരണം ചെയ്തു. കൂലിച്ചെലവ് സബ്സിഡിയായി നൽകിയ 4,000 രൂപ മഴ മറ നിർമിക്കുന്നതിനാണ് ഗുണഭോക്താക്കൾ ചെലവഴിച്ചിരിക്കുന്നത്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം മേൽ പ്രോജക്ടിന് ഒരു ഗുണഭോക്താവിന് 25ഗ്രോബാഗ് പരമാവധി 20 രൂപ സബ്സിഡിയായി നൽകാവുന്നതാണ്. ഗുണഭോക്താക്കൾ ഗ്രോബോഗ് വാങ്ങിയ ബില്ലുകൾ പ്രകാരം ഒരു ഗ്രോബാഗ് 18 രൂപക്കാണ് വാങ്ങിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് 25 ഗ്രോബാഗിന് 18രൂപ നിരക്കിൽ 450 രൂപ വീതം 35 ഗുണഭോക്താക്കൾക്ക് ആകെ 15,750 രൂപ മാത്രമെ സബ്സിഡിയായി അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ ഒരു ഗുണഭോക്താവിന് 900 രൂപ വീതം നൽകി.

2.മേൽ ഉത്തരവു പ്രകാരം ടെറസ്സിലും മുറ്റത്തുമുള്ള പച്ചക്കറികൃഷിക്ക് ഗ്രോബാഗ്/മൺചട്ടി എന്നിവ വാങ്ങി നൽകുന്നതിനും പച്ചക്കറി വിത്ത് നൽകുന്നതിനും മാത്രമെ വ്യവസ്ഥയുള്ളൂ എന്നിരിക്കെ പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡിയായി 35ഗുണഭോക്താക്കൾക്ക് 4,000 രൂപ വീതം ആകെ 1,40,000 രൂപ സബ്സിഡി നൽകി.

3. മേൽ ഉത്തരവു പ്രകാരം ഗ്രോബാഗ് ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ വാങ്ങുകയാണ് ചെയ്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രോബാഗ് നൽകിയ ഇനത്തിലുള്ള അധിക സബ്സിഡി തുക 15,750 രൂപയും സബ്സിഡി നൽകുന്നതിന് അനുമതിയില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചതിന്1,40,000 രൂപയുമടക്കം ആകെ 1,55,750 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കുനിയൻകണ്ടി കുടിവെള്ളപദ്ധതി പൂർത്തിയാക്കുന്നതിൽ അലംഭാവം

പ്രൊജക്ട് നമ്പർ : 115/15-16 (സ്പിൽ ഓവർ)

എഗ്രിമെന്റ് തിയ്യതി : 15/12/14

അളവ് പുസ്തകം : 72/15

കരാറുകാരൻ : സണ്ണി എം.എം.

എസ്റ്റിമേറ്റ് : 200000

മേൽ കുടിവെള്ളപദ്ധതിക്ക് ഓഡിറ്റ് വർഷം 134738 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.തീ.29/7/15).10/03/15 ന് പൂർത്തിയാക്കിയ പമ്പ് ഹൗസിന്റെയും പൈപ്പ് ലൈനിന്റെയും പ്രവൃത്തിയുടെ തുകയാണ് മേൽപ്പറഞ്ഞവിധം

കരാറുകാരന് നൽകിയത്. കിണർ, മോട്ടോർ, ടാങ്ക് എന്നിവ മുൻവർഷങ്ങളിൽ ചെയ്തിട്ടുള്ളതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ താമസമെന്നാണ് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുള്ളത്. വൈദ്യുതി കണക്ഷനുവേണ്ടി ഓഡിറ്റ് തിയ്യതി വരെ കെ .എസ്.ഇ.ബി- യിൽ സി.ഡി. ഒടുക്കിയിട്ടില്ല. മേൽ പദ്ധതി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു

തൻവർഷം 90 മരാമത്ത് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 64എണ്ണത്തിന് പണം ചെലവഴിച്ചതായും 26പ്രൊജക്ടുകൾഉപേക്ഷിച്ചതായും കാണുന്നു. വകയിരുത്തിയ തുകയുടെ 57.17% തുക മാത്രമാണ് ചെലവഴിച്ചത്. താരതമ്യേന ചെറിയ പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസീയറുമാണുള്ളത്. ക്ലറിക്കൽ സ്റ്റാഫില്ല. നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിച്ച് ഇത്രയധികം പ്രൊജക്ടുകൾക്ക് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കലും അളവെടുക്കലും ബില്ല് തയ്യാറാക്കലും വിഷമകരമാണ്.അതേ സമയം ഭാഗികമായ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കിയതായും കാണുന്നു. ജി.ഒ.(എം.എസ്) 362/2013ത.സ്വ.ഭ.വ. തീ.16/11/2013 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്.വാർഡ് അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. എന്നാൽ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഭാഗികമായ പ്രൊജക്ടുകൾ നടപ്പാക്കിയതായും വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെയിനേജുകളിലുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം ,<br>പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 38 /15-16,<br>തെക്കേലക്കണ്ടിപുഴ റോഡ് പുനരുദ്ധാരണം | അബ്ദുസലാം എസ്.വി. | 297847 | സോളിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി |
| 2 | 62 / 15 -16,<br>പൂക്കാട് - പുന്നത്തോട്ടം റോഡ് പുനരുദ്ധാരണം | അബ്ദുസലാം എസ്.വി. | 349965 | സോളിംഗിന് മാത്രമായി പ്രൊജക്ട് തയ്യാറാക്കി |
| 3 | നാരോള്ളപറമ്പത്ത് പൊറ്റക്കര റോഡ് സോളിംഗ് | | | |

റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ,പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-7 കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല

പഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കാത്ത കേസുകൾ കാണുന്നു.2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിനുശേഷം 7ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂള്ള സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാറിലേർപ്പെടാൻ നോട്ടീസിൽ വ്യക്തമാക്കണം.14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി.യുടെ 1%തുക പിഴ ഈടാക്കണം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാറിലേർപ്പെടാത്തപക്ഷം കരാർ റദ്ദാക്കണം. എന്നാൽ പഞ്ചായത്ത് ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികൾക്ക് മാസങ്ങൾ കഴിഞ്ഞു മാത്രം കരാറുകാരുമായി ഉടമ്പടി വെക്കുന്ന പ്രവണത കാണുന്നു. സെലക്ഷൻ നോട്ടീസ് അയക്കാത്തതും കരാറിലേർപ്പെടാൻ കാലതാമസം വരുത്തിയതുമായ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്,<br>പ്രൊജക്റ്റ് നം,<br>കരാറുകാരൻ,<br>എസ്റ്റിമേറ്റ്,<br>അളവുപുസ്തകം,<br>ചെലവഴിച്ച തുക | ടെണ്ടർ ചെയ്ത തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
|---|---|---|
| കൗവാറ റോഡ് പുനരുദ്ധാരണം,<br>127/15-16,<br>രവീന്ദ്രൻ കോട്ടോത്തുമ്മൽ,<br>175000,<br>89/14-15,<br>173442(ബിൽ നം.15/15-16തീ.29/7/15) | 30/10/14 | 14/2/15 |
| മാത്തിൽമുക്ക് റോഡ് ടാറിംഗ്,<br>104/15-16,<br>സുരേഷ് കുരാറ,<br>400000,<br>83/14-15,<br>400000(ബിൽ നം.5/15-16 തീ.29/7/15) | 30/10/14 | 5/1/15 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 3-8 ട്രിപ്പ് ഷീറ്റ് ഇല്ലാതെ വാഹന വാടക നൽകി.

പ്രോജക്റ്റ് നമ്പർ - 79/16 രോഗ പ്രതിരോധ പ്രവർത്തനം

ബിൽ നമ്പർ - 9/15-16/ 18.1.6 - 12,750
14/15-16/ 22.3.16 - 15,250
5/15-16/ 29.10.15 - 14,600
3/15-16 /18.9.15 – 19,400

നിർവഹണം- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

വികസന ഫണ്ട്.

മേൽ പ്രോജക്റ്റ് നിർവഹണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ പ്രവർത്തകരെയും കൊണ്ടുപോയതിന് ജീപ്പ് വാടകയിനത്തിൽ 69,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനം ഓടിയതിന് ട്രിപ്പ് ഷീറ്റ് ഇല്ലാതെ ഡ്രൈവറുടെ രശീതിയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റിന്റെ അഭാവത്തിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-9 പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവ്വ പാലിച്ചില്ല.

1. പ്രോജക്ട് നമ്പർ - 77/16 ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ
   ബിൽ നമ്പർ - 4/15-16 13.3.16 30,000
2. പ്രോജക്ട് നമ്പർ – 76/16 ഗവ. സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ
   ബിൽ നമ്പർ – 3/15-16 22.2.16 29,978
   നിർവഹണം - ഹെഡ് മാസ്റ്റർ വികസനഫണ്ട്

മേൽ പ്രോജക്ടുകൾ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രാമ പഞ്ചായത്തിലെ 3ലൈബ്രറികൾക്കും ഗ്രാമപഞ്ചായത്തിലെ 3 ഗവ. സ്കൂളുകൾക്കും പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കൂടുതൽ കമ്മീഷൻ ക്വാട്ട് ചെയ്ത "കറന്റ് ബുക്സ്" കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ആകെ 59,978 രൂപ ചെലവഴിച്ച് വാങ്ങി.

സർകുലർ നമ്പർ 38156/DA.2/12 ത.സ്വ.ഭ.വ 6.9.12 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ "ബുക്ക് മാർക്കിന്" മുൻഗണന നൽകണം. ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമെ പുറമെ നിന്ന് വാങ്ങാൻ പാടുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ കറന്റ് ബുക്സിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-10 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ

പ്രോജക്ട് നമ്പർ – 155/16 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ
ബിൽ നമ്പർ – 5/15-16 29.3.16 1,26,000
നിർവഹണം – ഹെഡ് മാസ്റ്റർ വികസനഫണ്ട്

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. 103/28.3.16) 1,07,722 രൂപ ചെലവഴിച്ച് 32 സ്റ്റീൽ മേശയും 20,152 രൂപ ചെലവഴിച്ച് 32 ഫൈബർ കസേരയും വാങ്ങി ഗ്രാമ പഞ്ചായത്തിലെ 3 സ്കൂളുകളിലായി പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അതാത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നൽകിയ ലിസ്റ്റ് പ്രകാരം നൽകി.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ/മരം കസേരയും മേശയും വാങ്ങി നൽകാവുന്നതാണ്. എന്നാൽ നിർവഹണോദ്യോഗസ്ഥ 32 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫൈബർ കസേരയാണ് വാങ്ങി നൽകിയിരിക്കുന്നത്.

2. കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് ഫൈബർ കസേരകൾ വാങ്ങുന്നതിന് അനുമതിയില്ല. സ.ഉ (പി) 259/10 ത.സ്വ.ഭ.വ 8.11.10 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതിനു പകരം ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി വിതരണം

ചെയ്തു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 20,152 തടസ്സത്തിൽ വെക്കുന്നു.

## 3-11 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റ് നമ്പർ : 11/16 ഐ.എ.വൈ വിഹിതം നൽകൽ
ബിൽ നമ്പർ : 2/15-16 10.2.16 6,00,000 രൂപ
ബിൽ നമ്പർ : 6/15-16 23.2.16 2,00,000 രൂപ
നിർവഹണം : വി.ഇ.ഒ

മേൽ പ്രോജക്റ്റ് പ്രകാരം 8,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 8,00,000 തടസ്സത്തിൽ വെക്കുന്നു.

## 3-12 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് നം,<br>പ്രവൃത്തിയുടെ പേര്, | എസ്റ്റിമേറ്റ്,<br>കരാറുകാരൻ | ചെയ്ത പ്രവൃത്തികൾ |
|---|---|---|---|
| 1 | 133/15-16,<br>കാവിലുംപാറ ജി.യു.പി .എസ് ബാലവാടി റോഡ്, | 250000,<br>മൊയ്തുഹാജി എം.കെ | മെറ്റലിംഗ്,ടാറിംഗ് |
| 2 | 120/15-16,<br>കലങ്ങോട് പൊറ്റക്കര റോഡ് പുനരുദ്ധാരണം, | 375000,<br>സണ്ണി എം.എം. | മെറ്റലിംഗ്,ടാറിംഗ് |

റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.എന്നാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഭരണസമിതി ഇങ്ങനെ തീരുമാനമെടുത്തിട്ടില്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല . അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-13 സർക്കാർ ഉത്തരവു പാലിക്കാതെ മണ്ണിര കമ്പോസ്റ്റിന് സബ്സിഡി നൽകി.

പ്രോജക്ട് നമ്പർ - 71/16 മണ്ണിര കമ്പോസ്റ്റ് യൂനിറ്റ്
ബിൽ നമ്പർ – 7/15-16 22.3.16 35,000
8/15-16 23.3.16 5,000
അടങ്കൽ : 3,20,000 വി.ഫണ്ട്. 1,60,000
ഗുണഭോക്തൃ വിഹിതം: 1,60,000
നിർവഹണം - കൃഷി ഓഫീസർ.

ഗ്രാമപഞ്ചായത്തിലെ 32 ഗുണഭോക്താക്കൾക്ക് മണ്ണിര കമ്പോസ്റ്റ് യൂനിറ്റ് നിർമിക്കുന്നതിന് 50% സബ്സിഡിയായി 5,000 രൂപ വീതം നൽകുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഇതു പ്രകാരം 7 ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം ഗുണഭോക്താക്കൾ നിർമിക്കുന്ന മണ്ണിര കമ്പോസ്റ്റിന്റെ സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനും സ.ഉ (എം.എസ്) 73/2011 ത.സ്വ.ഭ.വ 1.3.11 നമ്പർ ഉത്തരവ് പ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിലോ ഗുണഭോക്താക്കൾ ഹാജരാക്കിയ രേഖകൾ പ്രകാരമോ ഏത് സ്പെസിഫിക്കേഷനിലുള്ള മണ്ണിര കമ്പോസ്റ്റ് ആണ് നിർമിച്ചതെന്ന് വ്യകതമല്ല. പ്രോജക്ടിൽ ഏത് തരത്തിലുള്ള മണ്ണിര കമ്പോസ്റ്റ് ആണ് നിർമ്മിക്കേണ്ടതെന്ന് വ്യക്തമാക്കാത്തതിനാൽ ഇത് പാലിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ കഴിയില്ല..

2. സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരംയൂനിറ്റ് കോസ്റ്റിന്റെ 90% സബ്സിഡി അനുവധിക്കാവുന്നതാണ്. എന്നാൽ വിവിധ തരത്തിലുള്ള മണ്ണിര കമ്പോസ്റ്റുകളിൽ ഏത് ഇനമാണ് നിർമിച്ചതെന്ന് വ്യക്തമല്ലാത്തതിനാൽ നിർമിച്ച മണ്ണിര കമ്പോസ്റ്റിന്റെ യൂനിറ്റ് കോസ്റ്റും അനുവദിച്ച സബ്സിഡിയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ പറഞ്ഞ വിശദാംശങ്ങളുടെ അഭാവത്തിൽ 5,000 രൂപ സബ്സിഡി നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 35,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25.02.2016 | 1,00,000/- | പെയിൻ & പാലിയേറ്റീവ് | 1,00,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | ഏപ്രിൽ 2015 | 2,33,026/- | എസ്.എൻ.പി | 1,39,163/- | 93,863/- |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

–ഇല്ല-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | – | – | 3494700.00 | 3494700 | ഇല്ല | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-- ഇല്ല --

## 4-6 ഓഡിറ്റ് റിക്കവറി

-- ഇല്ല --

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11(1) | വസ്ത്ര നിർമ്മാണം- വനിതകൾക്ക് തൊഴിൽ പരിശീലനം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2ഖണ്ഡിക 135,136) |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 47 | 2001-02 | 11(2) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പറ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11(3-19) | നികുതി കുടിശ്ശിക | |
| 2001-02 | 3-2 | 2005-06 | 70(14-22)<br>70(5,6)<br>6(5) | നികുതി പിരിക്കുന്നതിൽ അലംഭാവം കുടിശ്ശിക വർദ്ധിക്കുന്നു. | |
| 2002-03 | 2-4 | 2006-07 | 3.79.1 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണപ്പെട്ടത് | |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | |
| 2002-03 | 3-7 | 2006-07 | 3.79.18 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | |
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2003-04 | 3-5 | 2006-07 | 3.79.1 | കുണ്ടുതോട്ഏലക്കണ്ടി-കുരുടൻ കടവ് കുടിവെള്ള പദ്ധതി | |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പ്രവർത്തി പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു | |
| 2003-04 | 3-4(2) | 2006-07 | 3.79.1 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം-പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35376581.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53076198.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 5534.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 391872.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4092305.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 5,534.00 | | |
| 3-2 | | 1,02,333.00 | ശ്രീ. അനിൽ ഐസക്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1,02,332.00 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 31456.00 | ഡോ. ഡെയ്സി ഗോർ<br>മെഡിക്കൽ ഓഫീസർ |
| 3-4 | | 155750 | ശ്രീമതി. സരള പി. വി , കൃഷി ഓഫീസർ |
| | 5,534.00 | 391872 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 31,77,175.00 | ശ്രീ. അനി ഐസക്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 59978.00 | ശ്രീമതി. ലീല കുണ്ടുതോട് യു.പി.എസ് ഹെഡ് മിസ്ട്രസ് |
| 3-10 | 20152.00 | ശ്രീമതി. ലീല കുണ്ടുതോട് യു പി എ സ് ,ഹെഡ് മിസ്ട്രസ് |
| 3-11 | 8,00,000.00 | ശ്രീ പ്രദീഷ് പി കെ , വി.ഇ.ഒ |
| 3-13 | 35000.00 | ശ്രീമതി സരള പി വി, കൃഷി ഓഫീസർ |
| | 4092305 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2(7)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉദയഭാനു | സെക്രട്ടറി<br>കാവിലുംപാറ ഗ്രാമപഞ്ചായത്ത് | കൃഷ്ണ, പേരാമ്പ്ര പി.ഒ.,<br>കോഴിക്കോട് |
| ശ്രീ. അനി ഐസക്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കാവിലുംപാറ ഗ്രാമപഞ്ചായത്ത് | അമ്പഴശ്ശേരിൽ,ശാന്തി നഗർ<br>തേഞ്ഞിപ്പലം,മലപ്പുറം |
| പി.എം ഗോപിനാഥ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഐശ്വര്യ,<br>തൃക്കലം കോട്.<br>മഞ്ചേരി,മലപ്പുറം |
| ഡോ. ഡെയ്സി ഗോർ<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി , കുണ്ടുതോട് | ഒരു സുകൃതം.വെസ്റ്റ് അവന്യൂ സ്ട്രീറ്റ്,<br>വെസ്റ്റ് ഹിൽ കോഴിക്കോട് |
| ശ്രീമതി സരള പി.വി<br>കൃഷി ഓഫീസർ | കൃഷി ഓഫീസ്<br>കാവിലുംപാറ | ശ്രീ വിനായക, പനവേലി പി.ഒ<br>കൊട്ടാരക്കര, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF/KKD/P6/1593(08)/09 dtd: 27-4-2011 | 4 |
| 1997-98 | LF/KKD/P6/1593(09)/09 dtd: 27-4-2011 | 8 |
| 1998-99 | LF/KKD/P6/1593(10)/09 dtd: 27-4-2011 | 5 |
| 1999-00 | LF/KKD/P6/782(എ)/12(1) dtd:4-6-2012 | 8 |
| 2000-01 ഡി.സി.ബി | LF/KKD/എസ്2/158/04 dtd: 13-5-2014 | 3 |
| 2001-02(പ്ലാൻ) | LF/KKD/എസ്2/1332/03 dtd: 13-05-2014 | 5 |
| 2001-02(വരവ്ചെലവ്) | LF/KKD/പി6/782(എ)/12(3) dtd: 4-6-2012 | 3 |

| | | |
|---|---|---|
| 2001-02(പദ്ധതി) | LF/KKD/പി6/782(എ)/12(4) dtd: 4-6-2012 | 1 |
| 2002-03 | LF/KKD/S1/804/05 dtd: 21-10-2005 | 9 |
| 2003-04 | LF/KKD/P6/1120(1)/09 dtd: 20-5-210 | 11 |
| 2004-05 | LF/KKD/P6/1120(2)/09 dtd: 20-5-210 | 5 |
| 2005-06 | LF/KKD/P6/1120(3)/09 dtd: 20-5-210 | 14 |
| 2006-07 | LF/KKD/P6/83/2011 dtd: 10-5-2011 | 10 |
| 2007-08 | LF/KKD/P6/1415/11 dtd: 02-05-12 | 17 |
| 2008-09 | LF/KKD/P6/1707/12 dtd: 23-8-13 | 8 |
| 2009-10 | LF/KKD/P6/1706/12 dtd: 15-7-13 | 3 |
| 2010-11 | LF/KKD/P6/803/14 dtd: 9-3-15 | 18 |
| 2011-12,2013-14 | KSA/KKD P6/255/2015 | |
| 2014-15 | KSA/KKD/P6 1212/16 | |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി 6/20/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 23-01-2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P6/20/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 23-01-2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kavilumpara Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kavilumpara Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.